**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **20-06-2024 - ൽ മറുപടിയ്ക്ക്**

**പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥിയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി പരസ്യ വിചാരണയ്ക്ക് വിധേയമായി കൊല്ലപ്പെട്ട സംഭവത്തിൽ സർവകലാശാലാ അധികൃതർക്ക് വീഴ്ച സംഭവിച്ചോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | **പൂക്കോട് വെറ്റിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർവകലാശാല ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണർ, ഇൻക്വയറി കമ്മീഷനായി ബഹു. ജസ്റ്റിസ് എ ഹരിപ്രസാദ്-നെ നിയമിച്ചിട്ടുണ്ട്. ആദ്യ സിറ്റിങ് മുതൽ മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വിസിറ്റിങ് ഫാക്കൽറ്റി കോംപ്ലക്സ് ഗസ്റ്റ് ഹൗസിൽ കമ്മീഷന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നേരിട്ടും ഓൺലൈനായും കമ്മീഷൻ സിറ്റിങ് നടത്തി വരുന്നു.** |
| (ബി) | കോളേജിൽ ഗുണ്ടാ സംഘങ്ങളായി പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടനാ നേതാക്കൾക്ക് ചില അധികൃതർ പിന്തുണ നൽകുന്നതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **കോളേജിൽ ഗുണ്ടാ സംഘങ്ങളായി പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടന നേതാക്കൾക്ക് ചില അധികൃതർ പിന്തുണ നല്കുന്നു എന്ന ആക്ഷേപം തെളിയിക്കുന്ന വസ്തുതകളൊന്നും കോളേജിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല** |
| (സി) | ഇക്കാര്യത്തിൽ സർവകലാശാല ഡീനിനും ട്യൂട്ടർക്കും വീഴ്ച സംഭവിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | **ഈ വിഷയത്തിൽ വെറ്ററിനറി സർവകാലാശാല ഡീനിനെതിരെയും, അസിസ്റ്റന്റ് വാർഡനെതിരെയും സർവ്വകലാ ശാലയുടെ 05.03.2024-ലെ നടപടിക്രമം പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ഡി) | പ്രസ്തുത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ? | (ഡി) | **പ്രസ്തുത സംഭവത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ സർവകലാശാല തലത്തിൽ 06.03.2024 ന് ഒരു അന്വേഷണ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച** |

| | | | |
|---|---|---|---|
| | | | **റിപ്പോർട്ടിൽ സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ